കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 20 | ജൂൺ 30 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 കേര പദ്ധതി : 5 സ്ഥാപനങ്ങളുമായി ധാരണാ പത്രം ഒപ്പു വെച്ചു

5 ഞാറ്റുവേല ചന്തയും കർഷകസഭകളും പദ്ധതിക്ക് തിരുവാതിര ഞാറ്റുവേലയോടനുബന്ധിച്ച് തുടക്കമായി

6 കേരള കാർഷിക സർവകലാശാല ബിരുദ ദാനം 2024 മികച്ച വിദ്യാർത്ഥികൾക്കുള്ള അവാർഡ് വിതരണം

# നിയമസഭയിൽ നൽകിയ ഉറപ്പ് പാലിച്ച് കൃഷി വകുപ്പ് മന്ത്രി:

## സമേതിയിൽ വച്ച് കർഷകർക്കായുള്ള പരിശീലന പരിപാടികൾ ആരംഭിച്ചു

കൃഷിവകുപ്പിന്റെ സെന്റർ ഓഫ് എക്സ്ലെൻസ് ആയി പ്രവർത്തിക്കുന്ന ആനയറയിലെ സമേതിയിൽ വച്ച് കർഷകർക്കും പരിശീലനം നടത്തുമെന്ന് നിയമസഭയിൽ നൽകിയ ഉറപ്പ് പാലിച്ച് കൃഷി മന്ത്രി പി. പ്രസാദ്. കർഷകർക്ക് ആധുനിക കൃഷി രീതികളുമായി പരിചയമുണ്ടാകേണ്ടതും കാർഷിക മേഖലയിലെ നൂതന സാങ്കേതിക വിദ്യകളെ കുറിച്ച് അറിവ് ഉണ്ടാകേണ്ടതും അത്യന്താപേക്ഷിതമാണ്. അതിനുള്ള പ്രാരംഭ നടപടി ആയിട്ടാണ് സമേതിയിൽ കർഷകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്. നിലവിൽ ഉദ്യോഗസ്ഥർക്കായിരുന്നു സമേതി മുഖേന പരിശീലനങ്ങൾ അധികമായും നടത്തി വന്നിരുന്നത്. മാസ്റ്റർ കർഷകർക്കായി സംഘടിപ്പിച്ച ദ്വിദിന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി പറഞ്ഞു.



കാർഷിക മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന കേരള കാർഷിക സർവകലാശാലയും ഈ പ്രവർത്തനങ്ങളുടെ ഭാഗമാകുന്നത് കർഷകർക്ക് കൂടുതൽ ഗുണം ചെയ്യും മന്ത്രി കൂട്ടിച്ചേർത്തു. വിത്ത് വിതയ്ക്കുന്നത് മുതൽ വിളവെടുത്ത് വില്പന നടത്തുന്നതു വരെ എന്ന തരത്തിലുള്ള കൃഷിരീതികളിൽ മാറ്റം വരണം. മൂല്യവർദ്ധനവ് ഉൾപ്പെടെയുള്ള ദ്വിതീയ കാർഷിക മേഖലയുടെ ഉന്നമനം ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങളിൽ കർഷകർ കൂടുതൽ താല്പര്യങ്ങൾ കാണിക്കണം അങ്ങനെ കാർഷിക മേഖലയിൽ നിന്നും മെച്ചപ്പെട്ട വരുമാനം കണ്ടെത്താൻ കർഷകർക്ക് കഴിയുമെന്ന് മന്ത്രി ആഹ്വാനം ചെയ്തു. വിപണി വില ആശ്രയിച്ച് ഉൽപ്പന്നങ്ങൾ വിറ്റഴിക്കേണ്ടിവരുന്ന ദുരവസ്ഥക്ക് മാറ്റം വരണം, കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് കർഷകർ മൂല്യം നിർണയിക്കുന്ന സ്ഥിതി വരണം. കർഷകന്റെ വരുമാന വർദ്ധനവിന് സാധ്യതയുള്ളത് എവിടെയൊക്കെയാണെന്ന് പരിശോധിച്ച് നിലവിലെ വിടവുകൾ നികത്തുന്നതിന് ദ്വിതീയ കാർഷിക മേഖല ശക്തിപ്പെടുത്തണം.

ഇതിനുവേണ്ടി കർഷകരെ സംഘടിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കൃഷിവകുപ്പ് ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയിലൂടെ കൃഷിക്കൂട്ടങ്ങൾ എന്ന ആശയം നടപ്പിലാക്കിയത്. നിലവിൽ ഉൽപാദനം, സേവനം, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ 23000-ത്തിലധികം കർഷകരുടെ കൂട്ടായ്മകൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. കൂട്ടായ തീരുമാന

ചീഫ് എഡിറ്റർ - സിന്ധു കെ.എസ്.
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - മന്ദ കെ.ജി.
അസിസ്റ്റന്റ് എഡിറ്റർ - സുജിത്ത് എസ്.എസ്.



ങ്ങൾ കൈക്കൊള്ളാനും ഫീൽഡ് തലത്തിൽ അവരുടെ പ്രശ്നങ്ങൾ പൊതുവേദികളിൽ അവതരിപ്പിക്കാനും ഈ കൂട്ടായ്മക്ക് കഴിയും. ഉൽപ്പാദനത്തിന്റെ അല്ലെങ്കിൽ മൂല്യവർദ്ധനവിന്റെ അടുത്ത ഘട്ടമായി വരുന്ന വെല്ലുവിളി വിപണനത്തിന്റെതാണ്. അതിനായി കൃഷി വകുപ്പ് ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് ആക്ട് പ്രകാരം കേരളഗ്രോ എന്ന ബ്രാൻഡ് കർഷകർക്കായി രൂപീകരിച്ചു. സംസ്ഥാനത്തുടനീളം കൃഷി വകുപ്പ് സഹായത്തോടെ കേരളഗ്രോ ബ്രാൻഡ് ഷോപ്പുകളും സ്ഥാപിച്ചു വരുന്നുണ്ട്. ഇതിന്റെയൊക്കെ ഗുണം കർഷകരിലേക്ക് എത്തണം മന്ത്രി പറഞ്ഞു.

കാലാവസ്ഥ അനുരൂപക കൃഷി പ്രോത്സാഹനത്തിന് കേര പദ്ധതിയിലൂടെ ഇന്നത്തെ വിനിമയം നിരക്കിൽ ഏതാണ്ട് 2380 കോടിയുടെ പദ്ധതികളാണ് വേൾഡ് ബാങ്ക്, നബാർഡ് എന്നിവയുടെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കപ്പെടുന്നത് മന്ത്രി പറഞ്ഞു. നിലവിൽ ഇന്നലെയും ഇന്നുമായി (ജൂൺ 18-19) സംസ്ഥാനത്താകെ തിരഞ്ഞെടുത്ത 37 മാസ്റ്റർ കർഷകരാണ് പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നത്. തുടർന്ന് ജില്ല അടിസ്ഥാനത്തിലും, മേഖല അടിസ്ഥാനത്തിലും പരിശീലന പരിപാടികൾ സംഘടിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു. ഉദ്ഘാടന ചടങ്ങിൽ സമേതി ഡയറക്ടർ മിനി റ്റി അധ്യക്ഷയായി. കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് ആൻഡ് എൻവിയോൺമെന്റൽ സയൻസ് ഡീൻ ഡോ. നമീർ പി.ഒ., കാർഷിക സർവകലാശാല പ്രൊഫസർമാരായ ഡോ. സുഷ എസ് താര, ഡോ. സുഷ വി. എസ്, ഡോ. സന്തോഷ് കുമാർ റ്റി, ട്രെയിനിംഗ് കോർഡിനേറ്റർ പത്മകുമാരി എം. കൃഷി വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കേര പദ്ധതി : 5 സ്ഥാപനങ്ങളുമായി ധാരണാ പത്രം ഒപ്പു വെച്ചു

കാലാവസ്ഥ അനുരൂപക കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയായ കേര (കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ) പദ്ധതി നടപടികൾ ദ്രുതഗതിയിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി വിവിധ സ്ഥാപനങ്ങളുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ഫാം ഇൻഫർമേഷൻ ബ്യൂറോ, സമേതി, സോയിൽ സർവേ ആൻഡ് സോയിൽ കൺസർവേഷൻ വകുപ്പ്, ആത്മ (അഗ്രികൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി), വി.എഫ്.പി.സി.കെ. എന്നീ അഞ്ചു സ്ഥാപനങ്ങളുമായാണ് കേര പ്രൊജക്റ്റ് ഡയറക്ടറേറ്റ് ധാരണാപത്രത്തിൽ ഏർപ്പെട്ടത്. പദ്ധതിയുടെ പരസ്യ പ്രചരണം, മാധ്യമ ഇടപെടലുകൾ, പരിശീലന പരിപാടികൾക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാണ് ഫാം ഇൻഫർമേഷൻ ബ്യൂറോയുമായി ധാരണാപത്രത്തിൽ ഏർപ്പെട്ടത്. കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്കും കർഷകർക്കുമുള്ള പരിശീലന പരിപാടികൾ നിർവഹിക്കുന്നതിനും കർഷകർക്കിടയിൽ പദ്ധതിയെ സംബന്ധിച്ച ആമുഖം നൽകുന്ന പ്രവർത്തനങ്ങളും സമേതിയെ ചുമതലപ്പെടുത്തി ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

തിരുവനന്തപുരം, വെള്ളയമ്പലം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിലെ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ കേര പ്രോജക്റ്റ് ഡയറക്ടറേറ്റിനെ പ്രതിനിധീകരിച്ച് അഡീഷണൽ ഡയറക്ടർ വിഷ്ണു രാജ് ഐ.എ.എസ്. വിവിധ സ്ഥാപനമേ





ധാവികളുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചു. സോയിൽ സർവേ ആൻഡ് സോയിൽ കൺസർവേഷൻ വകുപ്പ് ഡയറക്ടർ സാജു കെ. സുരേന്ദ്രൻ ഐ.ഇ.എസ്., പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ സിന്ധു കെ.എസ്., കൃഷി അഡിഷണൽ ഡയറക്ടർ സപ്ന, സമേതി ഡയറക്ടർ മിനി റ്റി., വി.എഫ്.പി.സി.കെ. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിവരാമകൃഷ്ണൻ വി. എന്നിവർ വിവിധ സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് ധാരണാപത്രത്തിൽ ഒപ്പുവെച്ചു.



ധാരണാപത്രത്തിൽ ഏർപ്പെട്ട പങ്കാളിത്ത സ്ഥാപനങ്ങളുടെ ഐ.ടി. സൗകര്യങ്ങളും ഭൗതിക അടിസ്ഥാന സൗകര്യങ്ങളും കേര പദ്ധതിയുടെ സഹായത്തോടെ വികസിപ്പിക്കും. സഹകരണ പ്രവർത്തനങ്ങളിലൂടെ വിവിധ മേഖലകളിലായി കർഷകരെ ശക്തിപ്പെടുത്തുന്നതിന് ഈ ധാരണാപത്രങ്ങൾ വഴിയൊരുക്കുമെന്ന് അധികൃതർ അറിയിച്ചു. കേര പദ്ധതി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സന്തോഷ് ആർ. ഫിനാൻസ് ഓഫീസർ നിഷ എസ്. കൃഷി ഓഫീസർമാരായ ദേവിക എസ്, വിഷ്ണ നാരായൺ തുടങ്ങിയവർ പങ്കെടുത്തു.

# കാർഷിക മേഖലയിലെ സംരംഭക – നിക്ഷേപക സഹകരണവും പങ്കാളിത്തവും സംരംഭകത്വ മഹാസംഗമത്തിന് വേദിയൊരുക്കി കാർഷിക സർവ്വകലാശാല

കേരള കാർഷിക സർവ്വകലാശാലയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ് (MANAGE), NAGE), ഹൈദരാബാദും സംയുക്തമായി, സംരംഭകരേയും നിക്ഷേപകരേയും സംരംഭകത്വ വികസന മേഖലയിലെ വിദഗ്ധരേയും ഒരു കുടക്കീഴിൽ അണിനിരത്തിക്കൊണ്ട് ഏകദിന സംരംഭക-നിക്ഷേപക കൂട്ടായ്മ സംഘടിപ്പിച്ചു.

കാർഷിക സംരംഭകത്വ വികസനത്തിനായി സംരംഭകരുടേയും നിക്ഷേപകരുടേയും സഹകരണവും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച പരിപാടി, കേരള കാർഷിക സർവ്വകലാശാല വൈസ്ചാൻസലറും കാർഷിക ഉത്പാദന കമ്മീഷ്ണറുമായ ഡോ. ബി. അശോക്, ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. കാർഷിക നവീകരണത്തിനായി നൂതന സാങ്കേതികവിദ്യകളുടേയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് ഡോ. ബി. അശോക്, ഐ.എ.എസ് ഉദ്ഘാടന വേളയിൽ എടുത്തു പറഞ്ഞു. കൃഷി ഡയറക്ടർ ഡോ. ശ്രീരാം വെങ്കിട്ടരാമൻ, ഐ.എ.എസ് ചടങ്ങിൽ വിശിഷ്ടാതിഥിയായിരുന്നു. എഫ്.പി ഒ കളും സംരംഭകരും ഒറ്റക്കെട്ടായി പ്രവർത്തിക്കുക വഴി കാർഷിക മേഖലയിൽ വലിയ മാറ്റങ്ങൾ വരുത്താൻ സാധിക്കുമെന്ന് ഡോ. ശ്രീരാം വെങ്കിട്ടരാമൻ അഭിപ്രായപ്പെട്ടു.

കാർഷിക സർവ്വകലാശാല വിജ്ഞാനവ്യാപന വിഭാഗം മേധാവി ഡോ. ബിനു പി ബോണി അദ്ധ്യക്ഷ സ്ഥാനം വഹിച്ചു വെള്ളാനിക്കര കാർഷിക കോളേജ് ഡീൻ ഡോ, മണി ചെല്ലപ്പൻ പരിപാടിയിൽ സ്വാഗതം ആശംസിച്ചു. കാർഷിക മേഖലയിൽ സംരംഭകത്വ വികസനത്തിനായി സംരംഭകരും നിക്ഷേപകരും പരസ്പരം കൈകോർക്കണമെന്നും രാജ്യത്തിൽ കൂടുതൽ നിക്ഷേപക സൗഹൃദാന്തരീക്ഷം സൃഷ്ടിക്കണമെന്നും മുഖ്യ പ്രഭാഷണത്തിൽ MANAGE, ഹൈദരാബാദ് ഡയറക്ടർ ഡോ. ശരവണൻ രാജ് ചൂണ്ടിക്കാട്ടി.

കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാർ ഡോ. എ സക്കീർ ഹുസൈൻ, ഗവേഷണ വിഭാഗം മേധാവി ഡോ. അനിത് കെ. എൻ എന്നിവർ സംസാരിച്ചു. സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും പ്രൊഫസറുമായ ഡോ. പി.കെ സുരേഷ്കുമാർ ആശംസയർപ്പിച്ചു. വിദഗ്ധരുമായുള്ള സംവാദം, നെറ്റ് വർക്കിങ്ങ് എന്നിവ വഴി സ്റ്റാർട്ടപ്പുകൾക്ക് അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും അതുവഴി കാർഷിക സംരംഭകത്വ വികസനത്തിനും ഈ സംഗമം ഒരു വഴിതിരിവായിരിക്കുമെന്ന് നന്ദി പ്രകാശനത്തിൽ അഗ്രിബിസിനസ്സ് ഇൻക്യുബേറ്റർ മേധാവി ഡോ. കെ.പി സുധീർ വ്യക്തമാക്കി.  കൂട്ടായ്മയിൽ അഞ്ഞൂറോളം  സ്റ്റാർട്ടപ്പുകളും നിക്ഷേപകരും വിദ്യാർത്ഥികളും പങ്കെടുത്തു.

പരിപാടിയോടനുബന്ധിച്ച് കേരളത്തിലെ നിലവിലെ സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ പരിതസ്ഥിതികൾ, ഉത്പാദന, വിളവെടുപ്പാനന്തര മേഖലകളിലെ നൂതനത്വം എന്നിവ ആസ്പദമാക്കി പാനൽ ചർച്ചകൾ അരങ്ങേറി. സ്റ്റാർട്ടപ്പുകൾക്കും നിക്ഷേപകർക്കും പരസ്പരം സംവദിക്കുന്നതിനും പ്രായോഗിക അറിവുകൾ പങ്കുവെയ്ക്കുവാനും സംരംഭകരുടെ ഉത്പ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുമുള്ള അവസരത്തിനും കൂട്ടായ്മ വേദിയായി.






# ഞാറ്റുവേല ചന്തയും കർഷകസഭകളും പദ്ധതിക്ക് തിരുവാതിര ഞാറ്റുവേലയോടനുബന്ധിച്ച് തുടക്കമായി

ഞാറ്റുവേലകളെ അടിസ്ഥാനപ്പെടുത്തിയുള്ള പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്താകമാനം നടപ്പിലാക്കുന്ന ഞാറ്റുവേല ചന്തയും കർഷക സഭകളും പദ്ധതിക്ക് തിരുവാതിര ഞാറ്റുവേലയോടനുബന്ധിച്ച് തുടക്കമായി. പൗരാണിക കാലം മുതൽക്കേ ഞാറ്റുവേല അടിസ്ഥാനമാക്കിയുള്ള കൃഷിരീതികൾക്ക് കേരളത്തിൽ വളരെയധികം പ്രാധാന്യം നൽകി വരുന്നു. അശ്വതി ഞാറ്റുവേല (2025 ഏപ്രിൽ 14) മുതൽ തിരുവാതിര ഞാറ്റുവേല (2025 ജൂലൈ 5) വരെ നീണ്ടു നിൽക്കുന്ന രണ്ടര മാസക്കാലയളവിലാണ് കാർഷിക പ്രാധാന്യമായുള്ള ഞാറ്റുവേലകൾ.

അശ്വതി, ഭരണി, കാർത്തിക, രോഹിണി, മകയിരം, തിരുവാതിര എന്നീ ആറ് ഞാറ്റുവേലകളാണ് ഈ കാലയളവിലുള്ളത്. ഇതിൽ തിരുവാതിര ഞാറ്റുവേലയാണ് ഏറ്റവും പ്രധാനം. കാർഷിക വിളകൾ നടുന്നതിനും വിത്ത് പാകുന്നതിനും ഈ കാലയളവ് വളരെ ഉത്തമമാണെന്ന് കരുതപ്പെടുന്നു. ഈ സമയത്ത് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഞാറ്റുവേല ചന്തകൾ. കൃഷി വകുപ്പ് ഉൽപ്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾക്ക് മുൻഗണന നൽകിക്കൊണ്ടും കർഷകർക്ക് തമ്മിൽ വിത്ത് കൈമാറ്റത്തിനുള്ള വേദിയായുമാണ് ഞാറ്റുവേല ചന്തകൾ നടപ്പിലാക്കുക.

കൃഷി ഭവന്റെ സേവനം താഴെത്തട്ടിൽ ഫലപ്രദമാക്കുക, കാർഷിക വികസനത്തിലും ആസൂത്രണത്തിലും കർഷകരെ പങ്കാളികളാക്കുക, കാർഷിക പദ്ധതികൾ സംബന്ധിച്ച് കൃഷിക്കാരെ ബോധവാന്മാരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ഈ കാലയളവിൽ (ജൂൺ 22 മുതൽ ജൂലൈ 15 വരെ) കർഷകസഭകളും സംസ്ഥാനത്തുടനീളം നടത്തപ്പെടും. വിവിധ സർക്കാർ പദ്ധതികളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും കർഷകരുമായി ആശയ വിനിമയം നടത്തി ഫീൽഡ് തലത്തിലെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ എത്തിക്കുക എന്നതും പരിപാടിയുടെ ലക്ഷ്യമാണ്. ഓരോ കൃഷിഭവനിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ മറ്റു ജനപ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കും.

# പൗൾട്രി രംഗത്ത് ചിക്ക് സെക്സിംഗ്

## 24 വിദ്യാർത്ഥികൾക്കുള്ള പരിശീലനം സംഘടിപ്പിക്കുന്നു

അനുദിനം വികസിക്കുന്ന പൗൾട്രി രംഗത്ത് ചിക്ക് സെക്സിംഗ് എന്ന നൈപുണ്യത്തിൻ പ്രാധാന്യമുൾക്കൊണ്ട്, കുടപ്പനക്കുന്ന് സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ചിക്ക് സെക്സിംഗ് സ്കൂളിൽ ഇത്തവണ 24 വിദ്യാർത്ഥികൾക്കുള്ള പരിശീലനം സംഘടിപ്പിക്കുന്നു. 3 മാസം നീണ്ടു നില്ക്കുന്ന ചിക്ക് സെക്സിംഗ് പരിശീലനത്തിന്റെയും റീജിയണൽ പൗൾട്രി ഫാമും വെള്ളനാട് വി.എച്ച്.എസ്.ഇ യും സംയുക്തമായി നടത്തുന്ന Skill To Venture പ്രോഗ്രാമിന്റെയും ഉദ്ഘാടനം മൃഗസംരക്ഷണം-ക്ഷീര വികസന- മൃഗശാല വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവ്വഹിച്ചു. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ എം.എൽ.എ. വി. കെ. പ്രശാന്ത് അധ്യക്ഷത വഹിച്ചു.



# കേരള കാർഷിക സർവകലാശാല ബിരുദ ദാനം 2024

## മികച്ച വിദ്യാർത്ഥികൾക്കുള്ള അവാർഡ് വിതരണം



കേരള കാർഷിക സർവകലാശാല ബിരുദ ദാനം 2024 -മികച്ച വിദ്യാർത്ഥികൾക്കുള്ള അവാർഡ് വിതരണം കേരള കാർഷിക സർവകലാശാല 2024 അദ്ധ്യയന വർഷത്തെ ബിരുദ ദാന ചടങ്ങ് നടത്തി. തൃശ്ശൂരിൽ വെച്ച് നടന്ന ബിരുദ ദാന ചടങ്ങിൽ കേരള ഗവർണറും കാർഷിക സർവകലാശാലാ ചാൻസിലറുമായ ശ്രീ. രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മുഖ്യാതിഥിയായി പങ്കെടുത്തു. കാർഷിക സർവകലാശാലാ പ്രോ ചാൻസലറും കൃഷി മന്ത്രിയുമായ ശ്രീ.പി.പ്രസാദ്, വൈസ് ചാൻസലർ ഡോ.ബി.അശോക് ഐ.എ.എസ്. തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

കേരളത്തിന്റെ കാർഷിക ഭൂപ്രകൃതിയെ രൂപപ്പെടുത്തുന്നതിൽ സർവ്വകലാശാല വഹിച്ച പങ്ക് വളരെ വലുതാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. കേരള കാർഷിക സർവ്വകലാശാലയുടെ 2024 വർഷത്തെ ബിരുദദാന ചടങ്ങിന്റെ ഉദ്ഘാടനം നിർവ്വഹിച്ച്സംസാരിക്കുകയായിരുന്ന ഗവർണർ. സർവകലാശാലയിൽ നിന്നുള്ള സാങ്കേതിക മുന്നേറ്റങ്ങൾ കേരളത്തിന്റെ കാർഷികമേഖലയിൽ വിപ്ലവം സൃഷ്ടിച്ചു. കർഷകരെ ശാക്തീകരിക്കുന്നതും സാമ്പത്തിക സുരക്ഷ ഉറപ്പവരുത്തുന്നതുമായ സുസ്ഥിര കാർഷിക സംവിധാനങ്ങൾ നമുക്കാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. കൃഷിമന്ത്രി പി പ്രസാദ് അദ്ധ്യക്ഷത വഹിച്ചു. കേരളത്തെ കാർഷിക ഉത്പന്നങ്ങളുടെ ആഗോള കേന്ദ്രമാക്കുക എന്നതാണ് നമ്മുടെ




ലക്ഷ്യമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു.

സാങ്കേതിക വിദ്യകൾ വികസിക്കുന്നതോടൊപ്പം തന്നെ കാർഷിക മേഖലയ്ക്ക് ആവശ്യമായ മനുഷ്യവിഭവ ശേഷിയെ വാർത്തെടുക്കാൻ സർവ്വകലാശാലയ്ക്ക് കഴിഞ്ഞു. കർഷകരുടെ വരുമാനം 50 ശതമാനം വർദ്ധിപ്പിക്കുമെന്ന സർക്കാർ വാഗ്ദാനം പാലിക്കുവാൻ കഴിഞ്ഞുവെന്നാണ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ






പഠനം വ്യക്തമാക്കുന്നത്. കർഷകർക്ക് ഇരട്ടി വരുമാനം ലക്ഷ്യമാക്കാനുള്ള ശ്രമത്തിലാണ് സർക്കാരെന്നും മന്ത്രി പറഞ്ഞു. കാർഷിക മേഖലയെ ശക്തിപ്പെടുത്തുനായി വിഷൻ 2026 എന്ന പേരിൽ ഹ്രസ്വകാല പദ്ധതിയും വിഷൻ 2033 എന്ന പേരിൽ ദീർഘകാല പദ്ധതിയും നടപ്പിലാക്കി വരികയാണ്. കാലാവസ്ഥാ വ്യതിയാനം നേരിടാൻ 2365 കോടി രൂപ മുതൽമുടക്കിൽ കേര പദ്ധതി ആരംഭിച്ചു. നാല് ലക്ഷം കർഷകർക്ക് പ്രത്യക്ഷമായും പത്ത് ലക്ഷം കർഷകർക്ക് പരോക്ഷമായും ഇതിന്റെ പ്രയോജനം ലഭിച്ചുതുടങ്ങിയെന്നും മന്ത്രി പറഞ്ഞു. സർവകലാശാലയിൽ പ്രവർത്തിക്കുന്ന അഗ്രി ബിസിനസ് ഇൻക്യൂബെറ്ററിലൂടെ കാർഷിക അനുബന്ധ മേഖലയിലെ നൂതന ആശയങ്ങളെ നവീകരിച്ച് സംരംഭമായി വളർത്തിയെടുക്കാനാവശ്യമായ പരിശീലനം നൽകുന്നുണ്ട്.

ഇവിടെ പരിശീലനം പൂർത്തിയാക്കിയ 245 നവസംരംഭകർ സംരംഭകലോകത്ത് മികച്ച രീതിയിൽ മുന്നോട്ട് പോവുകയാണ്. കാർഷിക ബിരുദ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിജ്ഞാനം ആദ്യഘട്ടത്തിൽ തന്നെ ഗ്രാമീണ കാർഷിക പ്രവർത്തി പരിചയ പരിപാടി നടപ്പാക്കിയതും പ്രായോഗിക അറിവുകൾ നേടാനായി പാഠ്യപദ്ധതി പരിഷ്കരിച്ചതും അഭിനന്ദനാർഹമാണെന്ന് മന്ത്രി പറഞ്ഞു. കാർഷിക സർവ്വകലാശാല വൈസ് ചാൻസലറും പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ ബി അശോക് സംസാരിച്ചു. സർവ്വകലാശാല പൂർവ്വ വിദ്യാർഥികളായ കാർഷിക ശാസ്ത്രജ്ഞൻ ഡോ.സിദ്ദിഖ് കടമ്പോട്ട്, സംരംഭകനായ പോൾ തോമസ് എന്നിവർക്ക് ചടങ്ങിൽ ഹോണററി ഡോക്ടറേറ്റ് നൽകി ആദരിച്ചു.

# കേര – ഉൽപാദക സഖ്യങ്ങൾക്കുള്ള ബോധവൽക്കരണ സെമിനാർ നടത്തി




കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്ര വളർച്ചയും കാലാവസ്ഥ അനുസൃത കൃഷി രീതികളിലൂടെ ഉൽപാദന വർദ്ധനവും ലക്ഷ്യമിട്ട് കൃഷി വകുപ്പ് ലോക ബാങ്ക് സഹായത്തോടെ ആവിഷ്കരിച്ച് നടപ്പാക്കുന്ന കേര (കേരള ക്ലൈമറ്റ് അഗ്രി വാല്യൂ ചെയിൻ മോഡണൈസേഷൻ പ്രോജക്ട്) ഉൽപാദക സഖ്യങ്ങൾക്കുള്ള ബോധവൽക്കരണ സെമിനാർ കോഴിക്കോട് ഹോട്ടൽ വുഡിസ് ബ്ലെയ്ഷറിൽ വച്ച് നടന്നു.

കാലാവസ്ഥ വ്യതിയാനത്തിന് അനുയോജ്യമായ കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനും മൂല്യവർധിത കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനും കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് കേര പദ്ധതി ലക്ഷ്യമിടുന്നത്. ചെറുകിട സംരംഭങ്ങളുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വാണിജ്യവൽക്കരണവും കാപ്പി റബ്ബർ ഏലം തുടങ്ങിയ വിളകളുടെ പുനരുജ്ജീവനത്തിനുമായി ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, അഗ്രി ബിസിനസ് പ്ലെയേഴ്സ് എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വിപണന ബന്ധം മെച്ചപ്പെടുത്തുന്നതിനും ഈ പദ്ധതി ഉദ്ദേശിക്കുന്നു. സെമിനാറിന്റെ ഭാഗമായി ബി ടു ബി മീറ്റും നടന്നു. കാർഷിക വ്യവസായത്തിലേക്ക് കടന്നുവരുന്ന നവ സംരംഭകർക്ക് ഏറെ പ്രതീക്ഷ നൽകുന്ന ഒരു പദ്ധതിയാണ് കേര. ചടങ്ങിൽ കോഴിക്കോട് ആത്മ പ്രോജക്ട് ഡയറക്ടർ രജനി മുരളീധരൻ അധ്യക്ഷത വഹിച്ചു. കേര എസ് പി എം യു പ്രൊക്യൂർമെന്റ് ഓഫീസർ സുരേഷ് തമ്പി ആമുഖപ്രഭാഷണം നടത്തി.

ഉൽപാദക സഖ്യങ്ങൾ- അവസരങ്ങൾ സാധ്യതകൾ എന്ന വിഷയത്തെ ആസ്പദമാക്കി കേര എസ്. പി.എം. യു.നോഡൽ ഓഫീസർ (എൻവിയോൺമെന്റ് സോഷ്യൽ സേഫ് ഗാർഡ് ആൻഡ് ജെൻഡർ) ഡോ. യമുന എസ്, കാർഷിക വിഭവങ്ങളുടെ കയറ്റുമതി സാധ്യതകളെക്കുറിച്ച് കേരള എക്സ്പോർട്ട് ഫോറം ജനറൽ സെക്രട്ടറി മുൻഷിദ് അലി എന്നിവർ അവതരണം നടത്തി.

കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ രജിത്ത് ബാബു, കൃഷിവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അജയ് അലക്സ്, നബാർഡ് എ.ഡി.എം രാഗേഷ് എന്നിവർ ആശംസകൾ അറിയിച്ചു. കേര പ്രോജക്ട് മാനേജർ ആദർശ് കെ. കെ സെമിനാർ മോഡറേറ്റ് ചെയ്തു. കേര കണ്ണൂർ റീജണൽ പ്രോജക്ട് ഡയറക്ടർ സ്മിത ഹരിദാസ് കെ.സ്വാഗതവും കേര ഡെപ്യൂട്ടി റീജിയണൽ പ്രോജക്ട് ഡയറക്ടർ ശ്രീമതി ഷീന നന്ദിയും പറഞ്ഞു.



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sindu K.S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh